**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 43** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>അഴിമതി തടയാൻ നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വർഗ്ഗീസ് മാമ്മൻ

ശ്രീ. റെജി ചെറിയാൻ

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** സർക്കാർ സംവിധാനത്തിലെ അഴിമതി തടയാൻ ലക്ഷ്യമിട്ട് ഈ സർക്കാരിന്റെ കാലത്ത് വിജിലൻസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

**<u>മറുപടി:</u>** സർക്കാർ ഉദ്യോഗസ്ഥർക്കും പൊതുസേവകർക്കുമിടയിലെ അഴിമതി തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായി സംസ്ഥാന വിജിലൻസ് ആൻഡ് ആന്റി-കറപ്ഷൻ ബ്യൂറോ ആരംഭിച്ച സമഗ്ര അഴിമതി നിർമ്മാർജ്ജന പദ്ധതിയാണ് 'പ്രോജക്ട് സീറോ'. പ്രോ-ആക്ടീവ്, പ്രിവന്റീവ്, ഡിജിറ്റൽ, പാർട്ടിസിപ്പേറ്റീവ് വിജിലൻസ് എന്നീ നാല് തൂണുകളിൽ അധിഷ്ഠിതമായ ഈ പദ്ധതിയുടെ ഉദ്ഘാടനം 26.05.2026 തീയതിയിൽ നിർവ്വഹിച്ചിട്ടുള്ളതാണ്. സമൂഹത്തിൽ നിന്ന് അഴിമതി പൂർണ്ണമായും തുടച്ചുനീക്കുക എന്ന ലക്ഷ്യത്തോടെ നിരവധി പ്രവർത്തനങ്ങൾ ഇതിലൂടെ നടപ്പിലാക്കി വരുന്നു.

**(ബി)** അഴിമതി നിർമാർജന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി വിജിലൻസ് മാനുവലിൽ ഈ സർക്കാർ വരുത്തിയിട്ടുള്ള പ്രധാന മാറ്റങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** പൊതുഭരണത്തിൽ സമഗ്രത, സുതാര്യത, ഉത്തരവാദിത്തം എന്നിവ നിലനിർത്തുന്നതിൽ വിജിലൻസിന്റെ പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. വിജിലൻസ് ചുമതലകൾ ഏൽപ്പിച്ചിരിക്കുന്ന ഉദ്യോഗസ്ഥരും ജീവനക്കാരും വിവിധ മേഖലകളിലെ അഴിമതിയും ദുർഭരണവും കണ്ടെത്തുന്നതിനും തടയുന്നതിനും ഇല്ലായ്മ ചെയ്യുന്നതിനും വലിയൊരു ഉത്തരവാദിത്തമാണ് വഹിക്കുന്നത്. വിജിലൻസ് പോലീസ് ഉദ്യോഗസ്ഥർക്ക് തങ്ങളുടെ ചുമതലകൾ ഫലപ്രദമായും നിയമപരമായും നിർവ്വഹിക്കുന്നതിന് ആവശ്യമായ അറിവ്, നിയമ വ്യവസ്ഥകൾ, നടപടിക്രമങ്ങൾ, എന്നിവ നൽകി അവരെ സജ്ജരാക്കുന്നതിനുള്ള ഒരു സമഗ്ര മാർഗ്ഗദർശിയായാണ് കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വിജിലൻസ് മാനുവൽ തയ്യാറാക്കിയിട്ടുള്ളത്. 2018-ലെ അഴിമതി നിരോധന നിയമത്തിലെ ഭേദഗതിയുടെയും 2024-ൽ പ്രാബല്യത്തിൽ വന്ന BNS, BNSS, BSA എന്നിവയുടെയും മറ്റ് പ്രസക്തമായ കോടതി വിധികളുടെയും, ഡിജിറ്റൽ യുഗത്തിലെ നൂതന അഴിമതി പ്രവണതകളുടെയും അടിസ്ഥാനത്തിൽ വിജിലൻസിന്റെ പ്രവർത്തനങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് ആവശ്യമായ വ്യക്തമായ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ, ഏകീകൃത പ്രവർത്തനക്രമങ്ങൾ (SOP), ധാർമ്മിക മാനദണ്ഡങ്ങൾ എന്നിവ പരിഷ്ക്കരിച്ച മാന്വലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാന്വലിലെ വിവരങ്ങൾ തികച്ചും ഔദ്യോഗികവും രഹസ്യാത്മക സ്വഭാവമുള്ളവയുമായതിനാൽ അതിലെ വിവരങ്ങൾ പൂർണ്ണമായും വെളിവാക്കുന്നത് ഉചിതമല്ല.

**(സി)** കൈക്കൂലി പണമായി സ്വീകരിക്കുന്നതിനുപകരം ഡിജിറ്റൽ,ബിനാമി രീതികൾ കൂടുതലായി ഉപയോഗപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കണ്ടെത്തുന്നതിനും തടയുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. കൈക്കൂലി കേസുകളുടെ ഭാഗമായി കുറ്റാരോപിതർ നടത്തിയിട്ടുള്ള ഡിജിറ്റൽ പണമിടപാടുകളായ UPI transaction, Mobile wallets, Internet banking, QR code based transactions എന്നീ എല്ലാ നൂതന സംവിധാനങ്ങളും അഴിമതി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി പരിശോധിക്കുന്നു. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ സൈബർ സെൽ മുഖേനയും സ്റ്റേറ്റ് ഫോറൻസിക് ലാബ് മുഖേനയും പരിശോധനകൾ നടത്തി അവർക്കെതിരായ തെളിവുകളുടെ അടിസ്ഥാനത്തിൽ കുറ്റപത്രം കോടതിയിൽ സമർപ്പിച്ച് കുറ്റക്കാർക്ക് ശിക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

**(ഡി)** അഴിമതിക്കാരായ ഉദ്യോഗസ്ഥരെ കണ്ടെത്തി അവരുടെ ഡിജിറ്റൽ, സൈബർ പ്രവർത്തനങ്ങൾ ഉൾപ്പെടെ നിരീക്ഷിച്ച് അഴിമതി തടയുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. അഴിമതി നടത്തുന്ന ഉദ്യോഗസ്ഥരുടെ ഡിജിറ്റൽ, സൈബർ വിവരങ്ങൾ ശേഖരിച്ച് Dossier and Suspected Officers Service Sheet Management System (DSMS)-ൽ ഉൾപ്പെടുത്തി അവരുടെ പ്രവർത്തനങ്ങൾ നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. വിജിലൻസ് കേസുകളിലും അന്വേഷണങ്ങളിലും ഉൾപ്പെട്ട അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ വി.എ.സി.ബി. സ്യൂട്ടിൽ ശേഖരിച്ച് തുടർച്ചയായി നിരീക്ഷിച്ച് വരുന്നുണ്ട്. സത്യസന്ധതയെയും, ഔദ്യോഗിക കൃത്യവിലോപത്തെയും കുറിച്ച് പരാതികളോ സംശയങ്ങളോ നിലനിൽക്കുന്ന ഗസറ്റഡ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി, ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ചശേഷം ഒരു "Agreed List" ഉം "Officers of Doubtful Integrity (ODI)" പട്ടികയും തയ്യാറാക്കി പരിപാലിക്കാനും പദ്ധതിയുണ്ട്.

**(ഇ)** കൈക്കൂലി വാങ്ങി ക്രമരഹിതമായ തീരുമാനങ്ങൾ എടുക്കുന്നതിന് സമാനമായി കൈക്കൂലി ലഭിക്കാത്തതുമൂലം ജനങ്ങൾക്ക് അർഹമായ സേവനങ്ങൾ നിഷേധിക്കുകയോ താമസിപ്പിക്കുകയോ ചെയ്യുന്നതും അഴിമതിയായി കണക്കാക്കി നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** കൈക്കൂലി വാങ്ങി ക്രമരഹിതമായ തീരുമാനങ്ങൾ എടുക്കുന്നതിന് സമാനമായി കൈക്കൂലി ആവശ്യപ്പെടുകയും ആയത് ലഭിക്കാത്തതുമൂലം ജനങ്ങൾക്ക് അർഹമായ സേവനങ്ങൾ നിഷേധിക്കുകയോ താമസിപ്പിക്കുകയോ ചെയ്യുന്നതും അഴിമതിയായി കണക്കാക്കുകയും PC Act, BNS എന്നിവയിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**